LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രങ്ങളിലെ മോഷണം

115(861) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേവസ്വങ്ങളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽനിന്നും ഇതര ക്ഷേത്രങ്ങളിൽനിന്നും സ്വർണ്ണം, വെള്ളി, മറ്റാഭരണങ്ങൾ എന്നിവ മോഷണം പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഓരോ വർഷവും എത്ര ക്ഷേത്രങ്ങളിൽ മോഷണം നടന്നു; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുതകാലയളവിൽ മോഷണ വസ്തുക്കളിൽ തിരികെ ലഭ്യമായത് എത്രയെന്നും വിവിധ കോടതികളിലായുള്ളവ എത്രയെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ വിവിധ ക്ഷേത്രങ്ങളിലായി എത്ര പണം മോഷണം പോയിട്ടുണ്ട്; ജീവനക്കാരാൽ നഷ്ടപ്പെട്ട തുകയും മറ്റുള്ളവയും എത്രയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

ശബരിമല ഇടത്താവളം പ്രോജക്ട്, ശബരിമല മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ

116(862) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന ശബരിമല ഇടത്താവളം പ്രോജക്ട്, ശബരിമല മാസ്റ്റർപ്ലാൻ പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

ദേവസ്വം വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന ശബരിമല ഇടത്താവളം പ്രോജക്ടിൽ ചുവടെ വിവരിക്കും പ്രകാരം 118.35 കോടി രൂപയുടെ പദ്ധതികളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ഇടത്താവളം	അടങ്കൽ തുക
1.	കഴക്കൂട്ടം ഇടത്താവളം	9,61,33,491
2.	നിലയ്ക്കൽ	39,79,87,952
3.	എരുമേലി	14,44,57,653
4.	ചെങ്ങന്നൂർ	10,47,34,375
5.	ചിറങ്ങര	10,75,54,900
6.	മണിയൻ കോട്	10,12,27,483
7.	ശുകപുരം	8,58,21,074

കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ശബരിമല ഇടത്താവളം പദ്ധതികൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ എസ്.പി.വി. ആയും എൻ.ബി.സി.സി.-യെ പി.എം.സി. ആയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ശബരിമല മാസ്റ്റർപ്ലാൻ പദ്ധതി ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയ ഹൈപവർ കമ്മിറ്റിയാണ് നിർവ്വഹിക്കുന്നത്. പദ്ധതിക്ക് പ്രതിവർഷം സർക്കാർ ധനസഹായം നല്കിവരുന്നു. നാളിതുവരെ 134.35 കോടി രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ വർഷം 28 കോടി രൂപ സംസ്ഥാന ബഡ്ജറ്റിലെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഒരു ലേ-ഔട്ട് പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള ചുവടെ വിവരിക്കുന്ന നാല് വർക്കുകൾ ഇപ്പോൾ നടന്നു വരുന്നു.

1. ഭസ്മക്കുളം അപ്ഗ്രഡേഷൻ
2. സന്നിധാനം ബയോ പ്ലാന്റ്
3. സന്നിധാനം ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ
4. ഇൻഫ്രാസ്ട്രക്ചർ ഫോർ പോലീസ് ആൻഡ് കെ.എസ്.ആർ.ടി.സി പേഴ്സണൽ.

(ബി) ശബരിമല മാസ്റ്റർപ്ലാനിൽ പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വനംവകുപ്പിന്റെ അനുമതി ലഭ്യമാകാത്ത പദ്ധതികൾ ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശബരിമലയിൽ വനം വകുപ്പുമായി നിലവിലുള്ള ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് 28-6-2021 ന് ബഹു. വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ 29-6-2021-ന് വനം, ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ ഉദ്യോഗസ്ഥ തലത്തിലുള്ള സംയുക്ത യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചിരുന്നു. ഇതിനെത്തുടർന്ന് 29-6-2021-നും 9-7-2021-നും 19-7-2021-നും പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ തലത്തിൽ യോഗം ചേർന്നിരുന്നു. തുടർന്ന് 2-8-21-ന് ബഹു. വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്ന് ശബരിമല വികസനത്തിനാവശ്യമായ ഭൂമി വിട്ട് നൽകുന്നതിന് എതിർപ്പില്ലെന്ന് ബഹു. ഹൈക്കോടതി മുമ്പാകെ അറിയിക്കുന്നതിന് തീരുമാനമെടുത്തു. ബഹു.ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ശബരിമലയിൽ വനം വകുപ്പിന്റെ തർക്കം നിലനിൽക്കുന്ന പ്രദേശത്തിന്റെ സർവ്വേ നടപടികൾ അഡ്വക്കേറ്റ് കമ്മീഷണറും സർവ്വേ ഡിപ്പാർട്ട്മെന്റും സംയുക്തമായി ചെയ്തുവരികയാണ്. സർവ്വേ നടപടികൾ പൂർത്തിയായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

എരുമേലിയിലെ ശബരിമല ഇടത്താവള പദ്ധതി

117(863) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഇടത്താവള പദ്ധതിയിൽ ഉൾപ്പെടുത്തി എരുമേലിയിൽ നടപ്പിലാക്കുന്ന ഇടത്താവള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

എരുമേലിയിൽ നടപ്പിലാക്കുന്ന ശബരിമല ഇടത്താവളം പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ ടെണ്ടർ നടപടികൾ പൂർത്തിയായി. നിർമ്മാണ സ്ഥലത്തെ നീക്കം ചെയ്യേണ്ട പഴയ കെട്ടിടങ്ങൾ പൊളിക്കുന്ന ജോലി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഒക്ടോബർ മാസം ആദ്യവാരം എൻ.ബി.സി.സി-യ്ക്ക് പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലം കൈമാറുന്നതോടെ ഒക്ടോബർ മാസം രണ്ടാംവാരം പദ്ധതി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.